# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)*** **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Fax & Phone : 0484 -2730150**

**No. M/C/006/ 2017**

**Date: 23-10-2017**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

ദൈവത്തിന്റെ അളവറ്റ കരുണയാൽ എം.ജെ.എസ്.എസ്.എ. പ്രവർത്തനങ്ങൾ നിങ്ങളേവരുടേയും ആത്മാർത്ഥമായ സഹായത്താൽ വളരെ ഭംഗിയായി മുന്നോട്ടു പോകുവാൻ കഴുയുന്നതിനെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. എല്ലാവരോടും നന്ദി അറിയിക്കുകയും ചെയ്യുന്നു.

**എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റ്**

നിങ്ങൾക്കേവർക്കും അറിവുള്ളതുപോലെ സഭയ്ക്കും, എം.ജെ.എസ്.എസ്.എ.ക്കും അഭിമാനകരമായ ക്യാമ്പ് സൈറ്റ് പ്രൊജക്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു. മൂന്ന് നിലകളുള്ള പ്രൊജക്റ്റിൽ കാർ പാർക്കിംഗിനുള്ള സെല്ലാർ, വലിയഹോൾ, മിനി കോൺഫറൻസ് ഹോൾ, ലൈബ്രറി, താമസ മുറികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ സ്വപ്നപദ്ധതി പൂർത്തിയാകുന്നതോടെ സഭാ മക്കൾക്കും, സൺഡേസ്കൂൾ അദ്ധ്യാപകർക്കും കുഞ്ഞുങ്ങൾക്കും അവരുടെ ആത്മീകവും, ലൗകീകവുമായ വളർച്ചയ്ക്കുതകുന്ന വിധത്തിൽ പ്രയോജനപ്പെടുത്തണമെന്നു എം.ജെ.എസ്.എസ്.എ. ആഗ്രഹിക്കുന്നു. കൗൺസലിംഗ് ക്ലാസ്സുകൾ, ചർച്ച ക്ലാസ്സുകൾ, സുവുശേഷയോഗങ്ങൾ, ധ്യാനയോഗങ്ങൾ, യുവജനസംഗമങ്ങൾ, കുടുംബസംഗമങ്ങൾ, അദ്ധ്യാപക വിദ്യാർത്ഥി സംഗമങ്ങൾ, ഉയർന്ന നിലവാരത്തിലുള്ള ലൈബ്രറി, വിദ്യാർത്ഥികൾക്കായുള്ള ബസ്സേലിയോസ് തോമസ് അക്കാഡമി ഓഫ് എക്സലൻസിന്റെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ്, ഓൾ ഇന്ത്യ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്, കേരള അഡ്മിനിസ്ട്രേഷൻ സർവ്വീസ് കോച്ചിംഗ് ക്ലാസ്സ് തുടങ്ങി എം.ജെ.എസ്.എസ്.എ. ഇപ്പോൾ നടത്തി വരുന്നത് കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടത്തുന്നതിനും ആഗ്രഹിക്കുന്നു.

ഇപ്പോൾ ഏകദേശം ഒന്നേകാൽ കോടിയോളം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി കോൺക്രീറ്റ് വേലകൾ പൂർത്തിയാക്കിയിരിക്കുകയാണ്. മുന്നോട്ടുള്ള പണികൾക്കായി 2 കോടിയോളം ക വേണ്ടി വരും. ആയതിനുള്ള ഏക ധനാഗമ മാർഗ്ഗം എന്നത് നിങ്ങളുടെ കൈകളിൽ ഏല്പിച്ചിട്ടുള്ള കൂപ്പണുകൾ വഴിയുള്ള കളക്ഷനുകളാണ്. നാളിതുവരെ മൊത്തം തുകയുടെ പത്തു ശതമാനം മാത്രമാണ്. എം.ജെ.എസ്.എസ്.എ.യിൽ വിവിധ സ്കൂളുകളിൽ നിന്നായി അടച്ചിട്ടുള്ളത്. ഭദ്രാസനം തിരിച്ചുള്ള തുകകൾ താഴെ ചേർക്കുന്നു. (23.10.2017)

| | | | | | |
|---|---|---|---|---|---|
| കൊല്ലം | -Rs. | 109432.00 | മൂവാറ്റുപുഴ | -Rs. | 109000.00 |
| തുമ്പമൺ | -Rs. | 92140.00 | പെരുമ്പാവൂർ | -Rs. | 467052.00 |
| നിരണം | -Rs. | 22704.00 | അങ്കമാലി | -Rs. | 350924.00 |
| കോട്ടയം | -Rs. | 15000.00 | തൃശൂർ | -Rs. | 176979.00 |
| ഇടുക്കി | -Rs. | 36516.00 | കോഴിക്കോട് | -Rs. | 68540.00 |
| കൊച്ചി | -Rs. | 314970.00 | മലബാർ | -Rs. | 132750.00 |
| പിറവം | -Rs. | 309430.00 | മംഗലാപുരം | -Rs. | ................ |
| കോലഞ്ചേരി | -Rs. | 421070.00 | ബാംഗളൂർ | -Rs. | ................ |
| ഹൈറേഞ്ച് | -Rs. | 108780.00 | മൈലാപ്പൂർ | -Rs. | 4600.00 |
| കോതമംഗലം | -Rs. | 174490.00 | റിയാദ് | -Rs. | 10000.00 |
| | | | വ്യക്തികൾ | -Rs. | 102501.00 |
| | | | ആകെ | -Rs. | 3026878.00 |

7.10.2017 ൽ ചേർന്ന സെൻട്രൽ കമ്മിറ്റി വളരെ ഗൗരവമായി ഫണ്ട് സമാഹരണം സംബന്ധിച്ച് ചർച്ച ചെയ്യുകയും 15.11.17 നകം കളക്ഷനുകൾ പൂർത്തിയാക്കി 25.11.17 ൽ വീണ്ടും കേന്ദ്ര സമിതി ചേർന്ന് നാളിതുവരെ സഹകരിക്കാത്ത സ്കൂളുകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. ഫണ്ട് സമാഹരണം ഊർജ്ജിതമായില്ലെങ്കിൽ പണികൾ നിർത്തിവയ്ക്കേണ്ടതായും വരും. ആയതിനാൽ എം.ജെ.എസ്.എസ്.എ. നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം താഴെ പറയുന്ന വിധത്തിൽ ഫണ്ട് സമാഹരണം പൂർത്തിയാക്കി 15.11.2017 നകം തുക എം.ജെ.എസ്.എസ്.എ.യിൽ നേരിട്ട് അടയ്ക്കുകയോ എം.ജെ.എസ്.എസ്.എ.യുടെ പുത്തൻകുരിശ് ശാഖ ഫെഡറൽ ബാങ്ക് എസ്.ബി. അക്കൗണ്ട് നമ്പർ 12230100086304 IFSC Code -FDRL0001223 ൽ അടച്ച് വിവരം അറിയിക്കുകയോ ചെയ്യണം. ഈ സ്വപ്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ആത്മാർത്ഥമായി സഹകരിക്കുവാൻ എല്ലാ പ്രവർത്തകരേയും ഒരിക്കൽ കൂടി ഓർപ്പിക്കുന്നു. കൂപ്പൺ കളക്ഷൻ പൂർത്തിയാക്കി കൂപ്പണുകൾ എടുത്തവരുടെ ലിസ്റ്റു സഹിതം ഭാരവാഹികൾ വഴി എം.ജെ.എസ്.എസ്.എ.യുക്കു കണക്കു നൽകേണ്ടതാണ്.

1. കുട്ടികളിലൂടെ 20/ക കൂപ്പൺ പിരിവ് പൂർത്തിയാക്കുന്നതിൽ ക്ലാസ്സ് അദ്ധ്യാപകരും, ഹെഡ്മാസ്റ്റർമാരും പ്രത്യേകം ശ്രദ്ധിക്കുക.

*(മറുപുറം)*

2. സൺഡേസ്കൂൾ തലത്തിൽ അദ്ധ്യാപക യോഗങ്ങൾ ചേർന്നു എല്ലാവരും അവരവരുടെ കഴിവിനൊത്തവണ്ണം കൂപ്പണുകളെടുത്തും സംഭാവനകൾ നൽകിയും പങ്കാളികളാകുക.

3. ഡിസ്ട്രിക്റ്റ്, ഭദ്രാസന തലങ്ങളിൽ ഹെഡ്മാസ്റ്റർമാരുടെ യോഗങ്ങൾ വിളിച്ചു ചേർത്ത് കളക്ഷൻ വിലയിരുത്തു കയും, സൺഡേസ്കൂൾ സന്ദർശിച്ച് കളക്ഷൻതുക ഏറ്റുവാങ്ങുന്നതിനും ബന്ധപ്പെട്ട ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

4. 10000 കയും അതിനുമേലും സംഭാവനകൾ നൽകി, സൺഡേസ്കൂളുകൾ, ബഹു.പള്ളികൾ, വ്യക്തികൾ എന്നി വയുടെ പേരുകൾ എം.ജെ.എസ്.എസ്.എ. ഹോളിൽ രേഖപ്പെടുത്തുവാൻ തക്കവണ്ണം ക്രമീകരണങ്ങൾ ചെയ്യുക.

5. ഒരു ലക്ഷം കയും അതിനുമേലും സംഭാവനകൾ നൽകി മുറികൾ, ഹോളുകൾ എന്നിവ സ്പോൺസർ ചെയ്യുക.

6. ഇതു സംബന്ധിച്ച് ഹെഡ്മാസ്റ്റർ ബഹു. വികാരിയേയും പള്ളി ഭരണ സമിതിയേയും ബോദ്ധ്യപ്പെടുത്തി ബഹു. പള്ളികളിൽ നിന്നും മേൽപറഞ്ഞ രീതീയിലുള്ള സംഭാവനകൾ ലഭ്യമാക്കുവാൻ ശ്രദ്ധിക്കുക.

7. അദ്ധ്യാപകർ ഭവനങ്ങൾ സന്ദർശിച്ച് 100/ക മുതൽ 10,000/ക വരെയുള്ള കൂപ്പണുകൾ വിറ്റഴിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

8. ഏതെങ്കിലും കാരണവശാൽ കൂപ്പൺ കളക്ഷൻ നിശ്ചിത സമയത്ത് പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നാൽ മതിയായ കാരണം ബന്ധപ്പെട്ട ഭാരവാഹികളെ ബോദ്ധ്യപ്പെടുത്തി കാലാവധി നീട്ടി കളക്ഷൻ സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

9. ക്യാമ്പ് സൈറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവനുള്ള ദൈവാനുഗ്രഹ ത്തിനായി എല്ലാ ഞായറാഴ്ചകളിലും കുട്ടികളും അദ്ധ്യാപകരും ചേർന്ന് പ്രത്യേകം പ്രാർത്ഥനകൾ നടത്തേണ്ടതാണ്.

## കലോത്സവം - 2017

ഈ വർഷത്തെ കലോത്സവം ഭദ്രാസന തലങ്ങൾ വരെ കുറ്റമറ്റ രീതിയിൽ നടത്തുവാൻ കഴിഞ്ഞതിൽ നിങ്ങളേവ രേയും അഭിനന്ദിക്കുന്നു. അഖില മലങ്കര കലോത്സവം **2017 നവംബർ മാസം 11-ാം** തീയതി എം.ജെ.എസ്.എസ്.എ. ആസ്ഥാനത്ത് വിവിധ വേദികളിലായി നടക്കുന്നതാണ്. ആയതിനുള്ള ക്രമീകരണങ്ങൾ സെക്രട്ടറി ശ്രീ.റോയി തോമസിന്റെ നേതൃത്വത്തിൽ കലോത്സവ കമ്മറ്റി ചെയ്തു വരുന്നു. കലോത്സവ മാനുവൽ, ജനറൽ സെക്രട്ടറിയുടെ സർക്കുലർ നിർദ്ദേ ശങ്ങൾ എന്നിവ കൃത്യമായി പാലിക്കുകയും കലോത്സവം കുറ്റമറ്റ തരത്തിൽ നടത്തുന്നതിനായി എല്ലാവരുടേയും സഹക രണം പ്രതീക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ കലോത്സവ ജഡ്ജിംഗ് പാനൽ രൂപീകരിക്കുന്നതിനായി അഖില മലങ്കര തലത്തിൽ അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകി അപ്രകാരം പാനൽ രൂപീകരിച്ചിട്ടുള്ളതുമാണ്. അവരുടെ സേവനങ്ങൾ എല്ലാ തലങ്ങളിലും പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

## വാർഷിക പരീക്ഷ

2017 ലെ വാർഷിക പരീക്ഷ നവംബർ 26 ഞായർ, ഡിസംബർ 3 ഞായർ തീയതികളിലായി നടക്കുന്നതു സംബ ന്ധിച്ച സർക്കുലറുകൾ ഇതിനകം ലഭിച്ചുവല്ലോ. സർക്കുലർ നിർദ്ദേശങ്ങളും പരീക്ഷാ മാനുവലും കൃത്യമായി പാലിച്ച് പിഴവുകൾ സംഭവിക്കാതെ പരീക്ഷാ നടത്തിപ്പിൽ എല്ലാ ഭാരവാഹികളും ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കു ന്നു. പരീക്ഷാ കൺട്രോളർ ശ്രീ. ബിനോയ് പി. ജോർജിന്റെ നേതൃത്തിലുള്ള പരീക്ഷാ ബോർഡ് പരീക്ഷാ നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

## ക്യാമ്പുകൾ

എം.ജെ.എസ്.എസ്.എ. യുടെ ആഭിമുഖ്യത്തിൽ ജെ.എസ്.വി.ബി.എസ്. വിഭാഗം ക്യാമ്പുകൾ എന്നിവയുടെ ചുമ തല വഹിക്കുന്ന സെക്രട്ടറി ശ്രീ.എൽദോ ഐസകിന്റെ നേതൃത്വത്തിൽ ഇത്തോസ് 2017 ന്റെ ഭാഗമായി വിവിധ ഭദ്രാസന ങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകുകയുണ്ടായി. ഇത്തരത്തിൽ ട്രെയിനിംഗ് ലഭിച്ചി ട്ടുള്ളവരുടെ സേവനങ്ങൾ അദ്ധ്യാപകർക്കായി എല്ലാ തലങ്ങളിലും പ്രയോജനപ്പെടുത്തേണ്ടതാണ്.

## ആത്മദീപം

ആത്മദീപം വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക, പരസ്യങ്ങൾ, ഈടുറ്റ ലേഖനങ്ങൾ മറ്റു രചനകൾ എന്നിവ ലഭ്യ മാക്കുക എന്നീ ലക്ഷ്യത്തോടെ 2018 ജനുവരി, ഫെബ്രുവരി മാസങ്ങൾ ആത്മദീപം പ്രചരണ മാസങ്ങളായി ആചരിക്കു വാനും 2018 ജനുവരി 21-ാം തീയതി ഞായറാഴ്ച മുൻ വർഷങ്ങളിലേതു പോലെ ചിത്ര രചനാ മത്സരം നടത്തുന്നതിനും, അദ്ധ്യാപകർക്കായി ഉപന്യാസ മത്സരവും കുട്ടികൾക്കായി ചെറുകഥാ മത്സരവും നടത്തുവാനും തീരുമാനിച്ചിട്ടുള്ളതാണ്. സെക്രട്ടറി ശ്രീ.കോര സി. കുന്നുംപുറത്തിന്റെ നേതൃത്വത്തിൽ അതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

എം.ജെ.എസ്.എസ്.എ.യുടെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളേവരുടേയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും തുടരണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് നിർത്തട്ടെ

എന്ന്

സ്നേഹാദരങ്ങളോടെ,
കർത്താവിൽ എളിയ ശുശ്രൂഷകൻ

**ഷെവ. എം.ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി (0485 2246211)**
**MOB. 9745046911**